LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 5-1-2013-ലെ സ.ഉ.(സാധാ)നം. 21/2013/നി.വ. പ്രകാരം വടക്കഞ്ചേരി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണത്തിന് 45 ലക്ഷം രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ടെങ്കിലും കെട്ടിട നിർമ്മാണം നാളിതുവരെ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

(ബി) ഉണ്ട്. പാലക്കാട് ആർ.ഡി.ഒ.-യുടെ 27-9-2006-ലെ സി.4344/ 2005-ാം നമ്പർ ഉത്തരവുപ്രകാരം ടി കെട്ടിട നിർമ്മാണത്തിനായി ഏറ്റെടുത്ത വസ്തുവിന്റെ സമീപ വസ്തുക്കളുടെ ഉടമസ്ഥരായ ശ്രീ. വി. എം. ജോർജ്ജ്, ശ്രീ. തോമസ് സിറിയക്ക് എന്നിവർ ചേർന്ന്, സർക്കാർ അവരുടെ സ്ഥലം കൈയ്യേറിയെന്നു കാണിച്ച് ആലത്തൂർ മുൻസിഫ് കോടതിയിൽ OS-402/ 2013-ാം നമ്പരായി കേസ് ഫയൽ ചെയ്തിട്ടുണ്ട്. ടി കേസിന്മേലുള്ള അന്വേഷണത്തിന്റെ ഭാഗമായി 24-11-2015-ൽ അഭിഭാഷക കമ്മീഷൻ സ്ഥലം സന്ദർശിച്ച് സർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ആയതിന്മേൽ തുടർ നടപടികൾ ആയിട്ടില്ല.

(സി) ടി കേസിന്മേൽ രജിസ്ട്രേഷൻ വകുപ്പിന് അനുകൂലമായ വിധി വന്നതിനു ശേഷമേ കെട്ടിട നിർമ്മാണ നടപടികളുമായി മുന്നോട്ടുപോകുവാൻ സാധിക്കുകയുള്ളൂ.

ബാധ്യതാ സർട്ടിഫിക്കറ്റുകൾ ഓൺലൈനിൽ ലഭ്യമാക്കുന്നത്

232(3118) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാധ്യതാ സർട്ടിഫിക്കറ്റുകൾ ഓൺലൈനിൽ ലഭ്യമാക്കാൻ എന്തെല്ലാം കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) സബ് രജിസ്ട്രാർ ഓഫീസുകളിൽനിന്ന് നൽകുന്ന ഇന്റർനെറ്റ് അധിഷ്ഠിത സേവനങ്ങളുടെ ഭാഗമായി ബാധ്യതാ സർട്ടിഫിക്കറ്റിനുള്ള അപേക്ഷകൾ ഓൺലൈനായി നൽകുന്നതിനുള്ള പദ്ധതി തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഡിജിറ്റൽ ഒപ്പോടുകൂടിയ ബാധ്യതാ സർട്ടിഫിക്കറ്റുകൾ ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിനുള്ള നടപടിക്രമം തിരുവനന്തപുരം ജില്ലയിൽ പൂർത്തീകരിക്കുകയും മറ്റ് ജില്ലകളിൽ നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ദ്രുതഗതിയിൽ നടന്നുവരികയും ചെയ്യുന്നു.

(ബി) പൊതുജനങ്ങൾക്ക് സബ് രജിസ്ട്രാർ ഓഫീസുകളിൽ നേരിട്ടു പോകാതെ ഓൺലൈൻ മുഖേന ബാധ്യതാ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാൻ കഴിയുകയെന്നതാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്.

(സി) BSNL, KSWAN എന്നീ ഏജൻസികളുടെ സഹായത്തോടുകൂടി Leased Line സർക്യൂട്ട് കണക്ടിവിറ്റി എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും നൽകുന്നതിനുള്ള നടപടി അവസാനഘട്ടത്തിലാണ്. എൻ.ഐ.സി.-യുടെ സോഫ്റ്റ്വെയർ സംവിധാനത്തിലൂടെ സബ് രജിസ്ട്രാർ ഓഫീസുകളിലെ ഡേറ്റ, സ്റ്റേറ്റ് ഡേറ്റാ സെന്ററിൽ കേന്ദ്രീകരിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

ആധാരങ്ങൾ ഡിജിറ്റൈസ് ചെയ്യാൻ കർമ്മ പദ്ധതി

233(3119) ശ്രീ. കെ. അച്ചുതൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സബ് രജിസ്ട്രാർ ഓഫീസുകളിലെ ആധാരങ്ങൾ ഡിജിറ്റൈസ് ചെയ്യാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതു നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) രജിസ്ട്രേഷൻ വകുപ്പിൽ ആധാര പകർപ്പുകൾ ഡിജിറ്റൽ രൂപത്തിലാക്കുന്നതിനുള്ള കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly